**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 556** **09-08-2023 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി പദ്ധതിയുടെ കീഴിൽ പ്രവർത്തനം ആരംഭിച്ച അതിയന്നൂർ, കാരോട് കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ; | (എ) | **കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി (WRD025-09: Karode Comprehensive Drinking water Project-Phase 1)**<br><br>കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് കിഫ്ബി വഴി 89.19 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിട്ടുള്ളതാണ്. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധ ഘടകങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.<br><br>2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും<br><br>3. പൊൻവിള, ചെങ്കൽ, കുളത്തൂർ, കാരോട് എന്നിവിടങ്ങളിൽ 30, 17, 15, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ<br><br>4. റോ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ<br><br>5. പൊൻവിളയിൽ ജലശുദ്ധീകരണ ശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം<br><br>6. ട്രാൻസ്ഫോർമറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ.<br><br>പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലങ്ങൾ ലഭ്യമായതിനെ തുടർന്ന് പദ്ധതി നിർവഹണ ഏജൻസിയായ കേരളാ വാട്ടർ അതോറിറ്റി ദർഘാസുകൾ ക്ഷണിച്ചെങ്കിലും അടങ്കൽ തുകയേക്കാളും കൂടുതൽ തുക ക്വാട്ട് ചെയ്തതിനാൽ അന്തിമ തീരുമാനത്തിനായി |

| | | | |
|---|---|---|---|
| | | | സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത ദർഘാസ് റദ്ദാക്കാനും, പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രൈസ്-3 സോഫ്റ്റ് വെയറിൽ പുതുക്കി നിർണ്ണയിച്ച് പുതിയ ദർഘാസുകൾ ക്ഷണിക്കുവാനും 04.02.2023-ൽ സർക്കാരിൽ നിന്നും വാട്ടർ അതോറിറ്റിയ്ക്ക് ലഭിച്ചിരുന്നു. അതിനെത്തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങളെ രണ്ടു പാക്കേജുകളായി തിരിക്കുകയും അതിൽ റോ വാട്ടർ, ക്ലിയർ വാട്ടർ പൈപ്പ് ലൈനുകൾ തുടങ്ങിയവ ഉൾപ്പെടുന്ന പാക്കേജിന്റെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിച്ച് സാങ്കേതികാനുമതിയും ലഭ്യമാക്കി ദർഘാസുകൾ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് അവസാന തീയതി 24.07.2023 ആയി നിശ്ചയിച്ചുകൊണ്ട് രണ്ടാം പുന:ദർഘാസുകൾ ക്ഷണിക്കുകയും 26.07.2023 ൽ ടെക്നിക്കൽ ബിഡ് തുറക്കുകയും ഒരു ഓഫർ ലഭിക്കുകയും ചെയ്തു.<br><br>ദർഘാസിന്റെ പ്രീ ക്വാളിഫിക്കേഷൻ നടാപടികൾ കേരളാ വാട്ടർ അതോറിറ്റിയിൽ നടന്നു വരുന്നു. ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളുമുൾപ്പെടുന്ന പാക്കേജിന്റെ ദർഘാസുകൾ അവസാന തീയതി 31.07.2023 ആയി നിശ്ചയിച്ചുകൊണ്ട് കേരളാ വാട്ടർ അതോറിറ്റി ക്ഷണിച്ചെങ്കിലും ഒരാൾ മാത്രമേ പങ്കെടുത്തുള്ളൂ. നിലവിലെ നിയമം അനുസരിച്ച് ആദ്യത്തെ ദർഘാസിൽ ലഭിക്കുന്ന ഒറ്റ ഓഫർ തുറക്കാൻ സാധിക്കാത്തതിനാൽ റദ്ദാക്കുകയും പുന:ദർഘാസ് ക്ഷണിച്ചിരിക്കുകയുമാണ്. 23.08.2023 ആണ് ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതി. ദർഘാസ് നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഒന്നര വർഷം കൊണ്ട് പദ്ധതി പൂർത്തീകരിക്കാനാവുമെന്നാണ് പദ്ധതി നിർവഹണ ഏജൻസിയായ കേരളാ വാട്ടർ അതോറിറ്റി അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത കുടിവെള്ള പദ്ധതികൾക്ക് ഇതുവരെ കിഫ്ബിയിൽ നിന്നും എത്ര കോടി രൂപയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ? | (ബി) | അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയ്ക്കായി 20.47 കോടി രൂപയും കുളത്തൂർ, കാരോട്, ചെങ്കൽ പഞ്ചായത്തുകളിലേയ്ക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി 8.22 കോടി രൂപയും കിഫ്ബിയിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ